ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ
നിയമ (ഭരണ I) വകുപ്പ്

ഓഫീസ് ഓർഡർ നം. 81/2019/നിയമം തിരുവനന്തപുരം,
തീയതി, 31/12/2019

## ഓഫീസ് ഓർഡർ

വിഷയം: നിയമ (ഭരണ-I) വകുപ്പ് - നിയമ വകുപ്പിലെ സ്യൂട്ട് സെക്ഷനുകളുടെ ജോലി വിഭജനം പുനഃക്രമീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

നിയമ വകുപ്പിൽ നിയമ വകുപ്പ്/നിയമസെക്രട്ടറി കക്ഷിയായുള്ളതും അല്ലാത്തതുമായ നിലവിലുള്ള കേസ്സുകൾ സ്യൂട്ട്-I വകുപ്പിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ നിയമ സ്യൂട്ട് വകുപ്പുകളുടെ ജോലി വിഭജനം സംബന്ധിച്ച് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി 01.01.2020മുതൽ ഉത്തരവാകുന്നു.

1. നിലവിൽ നിയമ (സ്യൂട്ട് I (3)) വകുപ്പ് കൈകാര്യം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഫയലുകൾ നിയമ (സ്യൂട്ട് II (2)) വകുപ്പിനും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ നിയമ (സ്യൂട്ട് III (2)) വകുപ്പിനുമായി മാറ്റി നൽകി ഉത്തരവാകുന്നു.

2. നിയമ സ്യൂട്ട് I (1) വകുപ്പിൽ കൈകാര്യം ചെയ്യുന്ന പൊതുഭരണ വകുപ്പിലെ ഫയലുകൾ നിയമ (സ്യൂട്ട് I (3)) വകുപ്പിൽ കൈകാര്യം ചെയ്യേണ്ടതാണ്.

3. നിയമ സ്യൂട്ട് വകുപ്പുകളുടെ ജോലി ചുമതല വിഭജനം ഇപ്രകാരമായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1. | സ്യൂട്ട് - I | 1 | നിയമ സെക്രട്ടറി കക്ഷിയായിട്ടുള്ള എല്ലാ കേസ്സുകളും |

| | | | |
|---|---|---|---|
| | | | കൈകാര്യം ചെയ്യൽ, ആഭ്യന്തര, ഊർജ്ജ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ എന്നിവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| | | 2 | റവന്യൂ, വിവര സാങ്കേതികം, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ), ധനകാര്യ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| | | 3 | പൊതുഭരണം, വ്യവസായവും വാണിജ്യവും, വിജിലൻസ്, പട്ടിക ജാതി / പട്ടിക വർഗ്ഗ് വികസനം, പിന്നാക്ക സമുദായ വികസനം, സാംസ്കാരിക, ഭവന നിർമ്മാണ എന്നീ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ എന്നിവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| 2. | സ്യൂട്ട് - II | 1 | സഹകരണം, ഗതാഗതം, തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| | | 2 | ഉന്നത വിദ്യാഭ്യാസം, നികുതി, വനം വന്യജീവി, ശാസ്ത്ര സാങ്കേതിക, തീരദേശ ഉൾനാടൻ ഗതാഗത, ഇലക്ഷൻ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| | | 3 | പൊതുമരാമത്ത്, ജലവിഭവ, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ്, മൃഗസംരക്ഷണ, ക്ഷീര വികസന, കൃഷി പരിസ്ഥിതി വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| 3. | സ്യൂട്ട് - III | 1 | പൊതു വിദ്യാഭ്യാസം, സ്റ്റോഴ്സ് പർച്ചേസ്, നോർക്ക, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ എന്നീ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |
| | | 2 | സാമൂഹ്യ നീതി, ആരോഗ്യവും കുടുംബക്ഷേമവും, തൊഴിലും പുനരധിവാസവും, ഫിഷറീസ്, കായികവും യുവജനക്ഷേമവും, പാർലമെന്ററികാര്യം എന്നീ വകുപ്പുകളിൽ നിന്നുള്ള കേസുകൾ നിലവിലുള്ള ഫയലുകളിന്മേൽ ഉപദേശം, റിവിഷൻ / അപ്പീൽ എന്നിവയ്ക്കുള്ള സാദ്ധ്യത സംബന്ധിച്ച നിയമോപദേശം. |

4. നിയമ (സ്യൂട്ട് I(1)) വകുപ്പിൽ കേസ് റിക്കോർഡ്സും സ്യൂട്ട് രജിസ്റ്ററും മറ്റും up to date ആയി സൂക്ഷിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികയിലെ ഒരു ലീഗൽ അസിസ്റ്റന്റിന്റെ സേവനം വിട്ടുനൽകുന്നതിന് നിയമ (ഭരണ II) വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

അരവിന്ദ ബാബു
പി.കെ.,
നിയമ സെക്രട്ടറി

പകർപ്പ്:
1. നിയമ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
2. ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. നിയമ സെക്രട്ടറിയുടെ പി.എ.
4. നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
5. നിയമ (ഭരണ) വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ.
6. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്.
7. നിയമ (നോഡൽ) വകുപ്പ് (നിയമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ